# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 796** **11.06.2014 ൽ മറുപടിയ്ക്ക്**

**മുല്ലപ്പെരിയാർ - ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.എ.ബേബി<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ<br>പ്രൊഫ. സി. രവീന്ദ്രനാഥ് | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്, ടണൽ എന്നീ കാര്യങ്ങളിൽ സമവായത്തിലെത്തിയാൽ കോടതിയെ സമീപിക്കാമെന്ന സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) മുല്ലപ്പെരിയാർ അന്തർ സംസ്ഥാന നദിയാണെന്ന സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാരിനെ സമീപിച്ച് ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ;<br><br>(സി) എങ്കിൽ ഇക്കാര്യത്തിൽ നിയമനിർമ്മാണത്തിനായി കേന്ദ്രസർക്കാരിനോടാവശ്യപ്പെടാൻ ഉദ്ദേശിക്കുന്നുണ്ടോ? | (എ) യും<br>(ബി) യും<br>(സി) യും | മുല്ലപ്പെരിയാർ വിഷയത്തിൽ ബഹു. സുപ്രീംകോടതി പുറപ്പെടുവിച്ച 07.05.2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 12.05.2014-ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷി യോഗത്തിൽ മുല്ലപ്പെരിയാർ കേസിൽ സുപ്രീംകോടതിയിൽ കേരളം റിവ്യൂ പെറ്റീഷൻ നൽകുവാൻ ധാരണയായി. ഇതു സംബന്ധിച്ച് നിയമവിദഗ്ധരുമായി ചർച്ചചെയ്ത് നടപടി സ്വീകരിച്ചു വരികയാണ് . ബഹു. കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ; മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സംസ്ഥാന താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിനും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്. |

സെക്ഷൻ ഓഫീസർ